## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6134** — **09-07-2024 - ൽ മറുപടിയ്ക്ക്**

### സഹകരണ ബാങ്ക് നിക്ഷേപങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽ എത്ര ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. **കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018**<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിലൂടെ നിക്ഷേപകരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 എന്ന പദ്ധതി. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൻകീഴിൽ വരുന്നതും പ്രവർത്തനം മന്ദീഭവിച്ചതോ, നിന്നു പോയതോ, ലിക്വിഡേഷൻ നടപടികളിലോ ഉൾപ്പെട്ടതല്ലാത്തതും ഡെപ്പോസിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പരിധിയിൽ ഉൾപ്പെടാത്തതുമായ സംഘങ്ങളിലെ നിക്ഷേപത്തിന് ഗ്യാരന്റി നൽകുന്നതുവഴി സംഘങ്ങളിലെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരെ കൂടുതൽ ആകർഷിക്കുന്നതിനും വേണ്ടിയാണ് ടി സ്കീം നടപ്പിലാക്കിയിട്ടുള്ളത്.<br><br>ടി പദ്ധതിയിൽ അംഗത്വമെടുക്കുകയും വർഷാവർഷങ്ങളിൽ അംഗത്വം പുതുക്കുകയും ചെയ്യുന്ന ഏതെങ്കിലും സംഘം ലിക്വിഡേറ്റ് ചെയ്യപ്പെടുകയും നിക്ഷേപ സംഖ്യ തിരികെ നൽകാൻ കഴിയാതെ വരികയും ചെയ്താൽ അംഗ സംഘത്തിലെ നിക്ഷേപകന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്യാരന്റി ഉറപ്പാക്കിവരുന്നു.<br><br>2. **ഡെപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപറേഷൻ (DICGC)-നൽകുന്ന പരിരക്ഷ** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് റിസർവ്വ് ബാങ്ക് നിയന്ത്രിക്കുന്ന 58 അർബൻ സഹകരണ ബാങ്കുകൾക്കും കേരള സംസ്ഥാന സഹകരണ ബാങ്കിനും റിസർവ്വ് ബാങ്ക് വിഭാവനം ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷയായ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ (DICGC) ന്റെ പരിരക്ഷ ലഭിക്കുന്നു. സഹകരണ ബാങ്കുകൾ ഡി.ഐ.സി.ജി.സി ആക്ടിലെ സെക്ഷൻ 2(ജിജി) ൽ നിർവചിച്ചിരിക്കുന്ന യോഗ്യരായ എല്ലാ സഹകരണ ബാങ്കുകളും ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുന്നു. 04.02.2020 മുതൽ 5 ലക്ഷം രൂപയുടെ പരിരക്ഷ പ്രസ്തുത സ്ഥാപനം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ